ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഏപ്രിൽ 13, 2018

**എച് സി ബി എൽ സഹകരണ ബാങ്കിനു (ലക്നൗ, ഉത്തർ പ്രദേശ്) മേൽ ചുമത്തിയിട്ടുള്ള ഡയറക്ഷൻസ് ഭാരതീയ റിസർവ് ബാങ്ക് പിൻവലിയ്ക്കുന്നു**

ബാങ്കിങ് റെഗുലേഷൻ നിയമം, 1949 (സഹകരണ സംഘങ്ങൾക്ക് ബാധകമായത്) വകുപ്പ് 35 എ പ്രകാരം 2015 ഏപ്രിൽ 10 ന് ഭാരതീയ റിസർവ് ബാങ്ക് എച് സി ബി എൽ സഹകരണ ബാങ്കിനു (ലക്നൗ, ഉത്തർ പ്രദേശ്) ചില ഡയറക്ഷൻസ് നൽകുകയുണ്ടായി. ഈ ഡയറക്ഷൻസ് കാലാകാലങ്ങളിൽ പരിഷ്കരിയ്ക്കുകയും കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. അവസാനമായി 2017 ഒക്ടോബർ 09 ലെ ഡയറക്റ്റീവ് അനുസരിച് ഏപ്രിൽ 15, 2018 വരെ കാലാവധി ദീർഘിപ്പിച്ചിരുന്നു. പൊതുജന താല്പര്യാർത്ഥം ഈ മാർഗ നിർദ്ദേശങ്ങൾ പിൻവലിയ്ക്കുന്നത് ഉചിതമായിരിയ്ക്കുമെന്നു ബോധ്യപ്പെട്ടതിനാൽ ബാങ്കിങ് റെഗുലേഷൻ നിയമം 1949 (സഹകരണ സംഘങ്ങൾക്ക് ബാധകമായത്) 35 എ(2) വകുപ്പ് പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് എച് സി ബി എൽ സഹകരണ ബാങ്കിനു (ലക്നൗ, ഉത്തർ പ്രദേശ്) മേൽ ചുമത്തിയിട്ടുള്ള ഡയറക്ഷൻസ് (കാലാകാലങ്ങളിൽ പരിഷ്കരിച്ചതുൾപ്പെടെ) ഏപ്രിൽ 13, 2018 മുതൽ ഭാരതീയ റിസർവ് ബാങ്ക് പിൻവലിച്ചിരിയ്ക്കുന്നു. ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. സാധാരണ നിലയിലുള്ള ബാങ്കിങ് ഇടപാടുകൾ ബാങ്ക് തുടർന്നും നടത്തുന്നതായിരിക്കും.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:2017-2018/2735